വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ധ്യാപകർക്കുമായി 26-7-2021 മുതൽ തുടക്കം കുറിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കായി, പ്രത്യേകിച്ച് സെക്കണ്ടറി-ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾക്കായി നിലവിൽ ഐ.ടി.-ഐ.സി.ടി. പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയും ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ മുഖേനയും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്.

(സി) സൈബർ ലോകത്തെ ചതിക്കുഴികളെപ്പറ്റിയും സൈബർ കാലത്തെ പാരന്റിംഗിനെപ്പറ്റിയും മാതാപിതാക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ കൈറ്റ് വിക്ടേഴ്സിലൂടെ ഇതുമായി ബന്ധപ്പെട്ട പ്രോഗ്രാമുകൾ സംപ്രേഷണം ചെയ്തുവരുന്നുണ്ട്. ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂളിലെ മറ്റ് കുട്ടികൾക്കും രക്ഷകർത്താക്കൾക്കും പൊതുജനങ്ങൾക്കും ഐ.ടി., സൈബർ സുരക്ഷ തുടങ്ങിയ മേഖലകളിൽ പ്രത്യേക പരിശീലനവും ക്രമീകരിക്കുന്നുണ്ട്. കൂടാതെ കൗമാര വിദ്യാഭ്യാസം സ്കൂളുകളിൽ എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കിയ മാർഗ്ഗരേഖയിൽ കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അദ്ധ്യാപകർക്കും ഇതുസംബന്ധിച്ച ബോധവൽക്കരണം നൽകുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓൺലൈൻ വിദ്യാഭ്യാസം

199(2555) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഓൺലൈൻ വിദ്യാഭ്യാസത്തിനാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത എത്ര കുട്ടികളുണ്ട്; ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

പഠനോപകരണങ്ങൾ ലഭ്യമല്ലാത്ത കുട്ടികളുടെ കണക്കെടുപ്പ് ജൂലൈ-22-ഓടെ പൂർത്തിയായിട്ടുണ്ടെങ്കിലും ആയത് ക്രോഡീകരിച്ചതിനുശേഷം മാത്രമേ അന്തിമ കണക്ക് സംബന്ധിച്ച വിവരം ലഭ്യമാക്കാനാകൂ. ആയത് ശേഖരിച്ച് നൽകുന്നതാണ്.

കാരോട് യു.പി. സ്കൂൾ മാനേജ്മെന്റ് മാറ്റത്തിനുള്ള അപേക്ഷ

200(2556) ശ്രീ വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല ഉപജില്ലയിൽ ഉൾപ്പെട്ട കാരോട് യു.പി.എസ്.-ന്റെ ഉടമസ്ഥാവകാശം ഉൾപ്പെടെയുള്ള മാനേജ്മെന്റ് മാറ്റത്തിന് 11-10-2011-ന് പാറശ്ശാല ഉപജില്ലാ ഓഫീസർ മുഖാന്തരം അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ മാനേജ്മെന്റ് മാറ്റം നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly